കീടനാശിനികൾ ചേർത്ത പഴം, പച്ചക്കറി

156 (7453) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് കൃഷിവകുപ്പ് മുഖേന എന്തൊക്കെ പരിശോധനകളാണ് നടത്താറുള്ളത് ; വിശദാംശം നൽകുമോ ;

(ബി) വിഷാംശരഹിതമായ പഴം, പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ പ്രോത്സാഹനമാണ് നൽകിവരുന്നത് ?

ഉത്തരം

(എ) പഴം/പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയും ചേർന്ന് 'സേഫ് റ്റു ഈറ്റ്' പദ്ധതി നടപ്പിലാക്കുന്നു. തിരുവനന്തപുരത്തെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ കാസർഗോഡ്, പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി ഓരോ മാസവും 50 മുതൽ 60 ഇനം പച്ചക്കറികളുടെ നൂറോളം സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ പച്ചക്കറികളിൽ കണ്ട കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദമായ കണക്കുകൾ കാർഷിക സർവ്വകാലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ് സൈറ്റിൽ കൊടുക്കുന്നു.

(ബി) ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ കീടനാശിനികളോ രാസവളങ്ങളോ ഉപയോഗിക്കാതെയുള്ള ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഓർഗാനിക് ഫാമിംഗ് പദ്ധതിയുടെ കീഴിൽ ബോധവത്കരണം, സെമിനാറുകൾ, കമ്പോസ്റ്റ് നിർമ്മാണം, കർഷക ക്ലസ്റ്ററുകൾക്ക് പ്രോത്സാഹനം എന്നിവ നൽകിവരുന്നു.

ക്ഷീരമേഖലയുടെ വികസനം

157 (7454) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി 2012-13 വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) 2013-14 വർഷത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ആകെ 10182.47 ലക്ഷം രൂപയാണ് ക്ഷീരവികസന വകുപ്പിന് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. ആയതിൽ വകുപ്പുതല പദ്ധതികൾക്കായി 4000 ലക്ഷം രൂപയും പൊതുമേഖലാ/കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്ക് 2280 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 68.85 ലക്ഷം രൂപയും അഡീഷണൽ സെൻട്രൽ അസിസ്റ്റന്റ് ഇനത്തിൽ 93.62 ലക്ഷം രൂപയും 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ 3740 ലക്ഷം രൂപയുമാണ് അനുവദിച്ചിരുന്നത്.

വകുപ്പുതല പദ്ധതികൾക്കായി ലഭിച്ച 4000 ലക്ഷം രൂപ താഴെ പറയും പ്രകാരം പദ്ധതി നടത്തിപ്പിനായിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്:

1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും 235 ലക്ഷം
2. ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം 1090.15 ലക്ഷം
3. തീറ്റപ്പുൽകൃഷി വികസനം 470 ലക്ഷം
4. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം 1300 ലക്ഷം
5. കാലിത്തീറ്റ സബ്സിഡി 839.85 ലക്ഷം
6. ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം 15 ലക്ഷം
7. ക്ഷീര കർഷക ക്ഷേമനിധിക്കുള്ള ധനസഹായം 50 ലക്ഷം.

പൊതുമേഖലാ സ്ഥാപനങ്ങൾക്കും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം താഴെ പറയും പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്:

1. കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് 1130 ലക്ഷം
2. മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ 750 ലക്ഷം
3. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ 400 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly

അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്:

ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽക്ക് അനലൈസറും കമ്പ്യൂട്ടറുകളും വാങ്ങുന്നതിന് ധനസഹായമായി 93.62 ലക്ഷം രൂപ വിനിയോഗിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ (100%)ക്കായി ലഭിച്ച തുക:

മലബാർ മേഖലയിൽപ്പെട്ട കോഴിക്കോട് ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങൾക്ക് SIQ & CMP പദ്ധതി നടപ്പാക്കുന്നതിനായി വിനിയോഗിച്ചു.

13-ാം ധനകാര്യ കമ്മീഷൻ അവാർഡ്:

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ വകുപ്പിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ലഭിച്ച 3740 ലക്ഷത്തിൽ 300 ലക്ഷം വകുപ്പിനും ബാക്കി തുക മൃഗസംരക്ഷണം, KSPDC, KLDB എന്നീ സ്ഥാപനങ്ങൾക്കും അനുവദിച്ച് നൽകിയിരുന്നു. വകുപ്പിന് ലഭിച്ച 300 ലക്ഷം രൂപ വകുപ്പിന്റെയും ക്ഷീര സഹകരണ സംഘങ്ങളുടെയും കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, കാസർഗോഡ് ജില്ലകൾക്കും 5 ക്ഷീര പരിശീലന കേന്ദ്രങ്ങൾക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിനുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ക്ഷീരവികസന വകുപ്പ് 'ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം' എന്ന പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്കും പ്രവർത്തനരഹിതമായ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം, പാൽ സംഭരണ/ശേഖരണ മുറി നിർമ്മാണത്തിന് ധനസഹായം, FSSA രജിസ്ട്രേഷനുള്ള ധനസഹായം, ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽക്ക് പ്രോസസിംഗ്/ചില്ലിംഗ്/പാക്കിംഗ്/ കാറ്റിൽഫീഡ് യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം, ഫാർമർ ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ധനസഹായം AMC യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം, ക്ഷീര കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ഉടനടി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ധനസഹായം എന്നിവ നടപ്പാക്കുന്നു.

(സി) ഒറ്റപ്പാലം ബ്ലോക്കിൽ 2013-14 വർഷത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ക്ഷീരവികസനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

1. റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസ് ഇനത്തിൽ 36,750 രൂപ.

2. ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണ പദ്ധതി ഇനത്തിൽ 5,91,000 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

3. തീറ്റപ്പുൽ കൃഷി വികസന പദ്ധതി ഇനത്തിൽ 2,08,113 രൂപ

4. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഇനത്തിൽ 6,10,000 രൂപ

5. ഫീഡ് സപ്ലിമെന്റ് ഇനത്തിൽ 1,01,000 രൂപ

6. ആർ.കെ.വി.വൈ.(ഹൈജീൻ കിറ്റ്) 2,97,500 രൂപ

7. കാറ്റിൽ ഫീഡിംഗ് സബ്സിഡി (ക്ഷീരവികസന വകുപ്പ്) 2,75,412 രൂപ

8. കാറ്റിൽ ഫീഡിംഗ് സബ്സിഡി (ഗ്രാമ പഞ്ചായത്ത് വകുപ്പ്) 15,38,817 രൂപ

9. ആത്മ 39.250 രൂപ.

ആകെ 36,97,842 രൂപ.

മൃഗസംരക്ഷണ വകുപ്പിന്റെ പൗരാവകാശ രേഖ

158 (7455) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ മുഖേന ലഭ്യമാക്കുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ്, മറ്റ് ഏജൻസികൾ എന്നിവ മുഖേന ലഭ്യമാക്കുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കർഷകർക്ക് ലഭ്യമാക്കുന്ന സബ്സിഡികൾ, പെൻഷനുകൾ, ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പൗരാവകാശരേഖ മൃഗസംരക്ഷണ വകുപ്പിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ലഭ്യമാക്കാം. മൃഗസംരക്ഷണ വകുപ്പിൽനിന്നും പെൻഷനുകളൊന്നും നൽകുന്നില്ല. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെ ലഭ്യതയ്ക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly